# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 257

09.03.2015-ലെ മറുപടിയ്ക്ക്

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനി അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | മറുപടി<br>രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
|---|---|
| (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതിയിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതികൾ എത്ര; അതിൽ ഏതെല്ലാം പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തി എഫ്.ഐ.ആർ കോടതിയിൽ സമർപ്പിച്ചിട്ടു ണ്ടെന്നും എന്ന് സമർപ്പിച്ചു വെന്നും വ്യക്തമാക്കാമോ ; | (എ) ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ. ജി.സുനിൽ, ശ്രീ.ജയൻ, സേവ് ടൈറ്റാനിയം ഫോറം എന്ന സംഘടന എന്നിവരുടെ പരാതികൾ പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്. ശ്രീ. സെബാസ്റ്റ്യൻ ജോർജിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ഒരു വിജിലൻസ് എൻക്വയറി (വി.ഇ.30/2006/എസ്.ഐ.യു-1) നടത്തുകയുണ്ടായി. അതിനുശേഷം ശ്രീ.സെബാസ്റ്റ്യൻ ജോർജ് തന്ന പരാതികൾ എല്ലാം ഈ വിജിലൻസ് എൻക്വയറിയുമായി കൂട്ടി യോജിപ്പിച്ച് അന്വേഷണം നടത്തി. ശ്രീ.ജി. സുനിൽ നൽകിയ സി.എം.പിയും സേവ് ടൈറ്റാനിയം ഫോറം എന്ന സംഘടനയുടെ പരാതിയും ശ്രീ.ജയൻ, യമുന നഗർ, മണക്കാട്, തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച (സി.എം.പി. നമ്പർ 802/11) പരാതിയും കോടതിയുടെ നിർദ്ദേശ പ്രകാരം വിജിലൻസ് എൻക്വയറിയുമായി കൂട്ടിയോജിപ്പിച്ച് അന്വേഷണം നടത്തി എഫ്.ഐ.ആർ തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ 20/1/2015-ൽ സമർപ്പിച്ചു. |

| | | | |
|---|---|---|---|
| (ബി) | ഇപ്പോഴും അന്വേഷണത്തി ലിരിക്കുന്ന പരാതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ; | (ബി) | ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ അന്വേഷണത്തിൽ ഇരിക്കുന്ന പരാതികൾ ഒന്നും തന്നെയില്ല. |
| (സി) | കോടതിയിൽ സമർപ്പിക്കപ്പെട്ട എഫ്.ഐ.ആർ. പ്രകാരം പ്രതികളായിട്ടുള്ളവർ ആരൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ; | (സി) | എ1. – മാനേജിംഗ് ഡയറക്ടർ (ടൈറ്റാനിയം)<br>എ2 – ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ<br>എ3 – സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്)<br>എ4 – എ.എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ)<br>എ5 – തോമസ് മാത്യു (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ)<br>എ6 – ബി. ഗോപകുമാരൻ നായർ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ) |
| (ഡി) | ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ വിജിലൻസ് സംഘമാണെന്ന് വെളിപ്പെടുത്താമോ ; | (ഡി) | ശ്രീ.റ്റി.അജിത് കുമാർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -1-ന്റെ നേതൃത്വത്തിലാണ് അന്വേഷണം നടന്നിരുന്നത്. |
| (ഇ) | പാറ്റൂർ സ്വദേശി സുനിൽ നൽകിയ പരാതിയിൽ കുറ്റക്കാരായ ആരെയെല്ലാം ശിക്ഷിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ; | (ഇ) | പാറ്റൂർ സ്വദേശി ശ്രീ. ജി.സുനിൽ കോടതിയിൽ സമർപ്പിച്ച പരാതി (സി.എം.പി. നമ്പർ 845/06), ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, ഈപ്പൻ ജോസഫ്, സന്തോഷ് കുമാർ, എ.എം. ഭാസ്കരൻ, തോമസ് മാത്യൂ, ബി.ഗോപകുമാരൻ നായർ എന്നിവർക്കെതിരെയായിരുന്നു. |
| (എഫ്) | അന്വേഷണം നടക്കുന്ന മറ്റ് പരാതികൾ ആർക്കെല്ലാം എതിരായിട്ടുള്ളതാണെന്ന് വിശദമാക്കാമോ ? | | ഇപ്പോൾ അന്വേഷണം ഒന്നും നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ